# കണ്ണൂർ സർവ്വകലാശാല
## ക്യാമ്പസ് അഡ്മിനിസ്ട്രേറ്റീവ് കാര്യാലയം ,
## മാങ്ങാട്ടുപറമ്പ
കണ്ണൂർ സർവ്വകലാശാല ക്യാമ്പസ് പി.ഓ., കണ്ണൂർ – 670 567

**Email: cdmgtpa@kannuruniv.ac.in, Ph:0497 2784 625**


നമ്പർ.:CAU/62/Mangatt.CANT/2025 തീയ്യതി:21/06/2025

## ക്വട്ടേഷൻനോട്ടീസ്

കണ്ണൂർ സർവകലാശാലയുടെ മാങ്ങാട്ടുപറമ്പ ക്യാമ്പസിൽ ഒരു വർഷത്തേയ്ക്ക് കാന്റീൻ നടത്തുന്നതിന് കാന്റീൻ നടത്തിപ്പിൽ മുൻ പരിചയമുള്ള കുടുംബശ്രീ /സംഘങ്ങൾ/വ്യക്തികൾ/എന്നിവരിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

ക്വട്ടേഷനുകൾ സമർപ്പിക്കുന്നതിനുള്ള നിശ്ചിത അപേക്ഷ ഫോറം,നിബന്ധനകൾ എന്നിവ സർവകലാശാല വെബ്സൈറ്റിൽ നിന്നും /കണ്ണൂർ സർവകലാശാല മാങ്ങാട്ടുപറമ്പ ക്യാമ്പസ് ഡയറക്ടറുടെ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

പൂരിപ്പിച്ച ക്വട്ടേഷനുകൾ മാങ്ങാട്ടുപറമ്പ ക്യാമ്പസ് ഡയറക്ടറുടെ ഓഫീസിൽ **30.06.2025,3.Pm** വരെ സ്വീകരിക്കുന്നതാണ്. നിശ്ചിതസമയത്തിനു ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

ലഭിക്കുന്ന ക്വട്ടേഷനുകൾൻ **30.06.2025**ന് **3.30pm** മണിക്ക് തുറക്കുന്നതാണ്

നിരതദ്രവ്യമായി കണ്ണൂർ സർവകലാശാല ഫൈനാൻസ് ഓഫിസറുടെ പേരിൽ എടുത്ത 1000/-രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ്, ഫുഡ് ലൈസൻസ് സർട്ടിഫിക്കറ്റ്, ഹെൽത്ത് കാർഡ്, പ്രവർത്തി പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ ക്വട്ടേഷനോടൊപ്പം അടക്കം ചെയ്യേണ്ടതാണ്. കൂടാതെ ക്വട്ടേഷൻ ലഭിക്കുന്നവർ സെക്യൂരിറ്റി ഡെപ്പോസിറ്റ് (refundable) അടക്കേണ്ടതാണ്.

യാതൊരു കാരണവും ബോധ്യപ്പെടുത്താതെ ക്വട്ടേഷനുകൾ നിരസിക്കാനുള്ള പൂർണ അധികാരം കണ്ണൂർ സർവകലാശാല മാങ്ങാട്ടുപറമ്പ ക്യാമ്പസ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. വിശദ വിവരങ്ങൾ **www.kannuruniversity.ac.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ക്യാമ്പസ് ഡയറക്ടർ

**CAMPUS DIRECTOR**
KANNUR UNIVERSITY
CAMPUS ADMINISTRATIVE UNIT
MANGATTUPARAMBA
KANNUR, KERALA - 670567

K.U. CAMPUS P.O. KANNUR, KERALA PIN: 670567 — CAMPUS ADMINISTRATIVE UNIT, MANGATTUPARAMBA * KANNUR UNIVERSITY *

To

1. PRO (to publish)
2. The Panchayath Secretary, Kalliassery Panchayath
3. District Mission Co-Ordinator, Kudumbasree
4. Notice board

# <u>കണ്ണൂർ സർവകലാശാല മാങ്ങാട്ടുപറമ്പ</u>

## <u>കാന്റീൻ നടത്തിപ്പ് സംബന്ധിച്ച് നിബന്ധനകൾ</u>

1. കണ്ണൂർ സർവകാലശാല, മാങ്ങാട്ടുപറമ്പ ക്യാമ്പസിലെ ബിൽഡിങ്ങിലുള്ള കാന്റീൻ ഒരു വർഷത്തേയ്ക്ക് സർവകലാശാല ജീവനക്കാർക്കും ,അധ്യാപകർക്കും ,വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും ഉപയോഗയോഗ്യമായ രീതിയിൽ കാന്റീൻ നടത്തേണ്ടതാണ്.

2. കാന്റീൻ നടത്തുന്നതിനുള്ള ആളെ തിരഞ്ഞെടുക്കുമ്പോൾ പ്രസ്തുത ജോലിക്കുള്ള മുൻപരിചയവും അപേക്ഷകന്റെ പ്രാപ്തിയും സാധനങ്ങളുടെ വിലയും പ്രത്യേകം പരിഗണിക്കുന്നതാണ്.

3. കുടുംബശ്രീ / സംഘങ്ങൾ / വ്യക്തികൾ എന്നിവരിൽ നിന്നുള്ള ക്വട്ടേഷൻ പരിഗണിക്കുന്നതാണ്.

4. പ്രസ്തുത കരാർ കാലാവധി ഒരു വർഷത്തെക്കായിരിക്കും.എന്നാൽ കാന്റീൻ നടത്തിപ്പ് തൃപ്തികരമല്ലെങ്കിൽ ഒരു മാസത്തെ നോട്ടീസ് നൽകിയതിന്ശേഷം കരാർ അവസാനിപ്പിക്കുന്നതാണ്. കാന്റീൻ നടത്തുന്ന കോൺട്രാക്ടർ ഒരു മാസത്തെ നോട്ടീസ് നൽകിയതിനുശേഷം മാത്രമേ സ്വന്തം നിലയിൽ കാന്റീൻ നടത്തിപ്പ് അവസാനിപ്പിക്കുവാൻ പാടുള്ളു .

5. ഓരോ മാസത്തേയും വെള്ളം ,ഇലക്ട്രിസിറ്റി ചാർജ് എന്നിവ അതാത് മാസം കോൺട്രാക്ടർ നൽകേണ്ടതാണ് .

6. കാന്റീനിൽ ആഹാരസാധനങ്ങളുടെ വിലനിലവാരം വ്യക്തമായി ബോർഡിൽ എഴുതി ഉപഭോക്താക്കൾക്ക് കാണത്തക്കവിധം കോൺട്രാക്ടർ സ്വന്തം ചിലവിൽ പ്രദർശിപ്പിക്കേണ്ടതാണ് .

7. കാന്റീനിൽ ആഹാരസാധനങ്ങളല്ലാതെ മറ്റൊന്നും തന്നെ വിൽക്കാൻ പാടുള്ളതല്ല .

8. കാന്റീനിൽ വേണ്ടുന്നത്ര ജോലിക്കാരെ നിലവിലുള്ള തൊഴിൽ നിയമങ്ങൾക്കു വിധേയമായി കോൺട്രാക്ടർ നിയമിക്കേണ്ടതാണ് ജോലിക്കാർ യൂണിഫോം,കയ്യുറകൾ,ഹെയർമാസ്ക് എന്നിവ ധരിക്കേണ്ടതാണ് .

9. കാന്റീൻ നടത്തിപ്പിനുള്ള ലൈസൻസ് മുതലായവ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഫുഡ് സേഫ്റ്റി ഡിപ്പാർട്മെന്റിൽ നിന്നും വാങ്ങിയിരിക്കേണ്ടതും നിയമാനുസൃതമായ നികുതികൾ മുതലായവ നൽകേണ്ടതും കോൺട്രാക്ടറുടെ ചുമതലയാകുന്നു.

10. കാന്റീൻ നടത്തിപ്പ് ക്യാമ്പസിൽ രൂപീകരിച്ചിട്ടുള്ള കാന്റീൻ അഡ്വൈസറി കമ്മിറ്റിയുടെ നിർദേശങ്ങൾക്കും തീരുമാനങ്ങൾക്കും വിധേയമായിരിക്കുന്നതാണ് .

11. പൊതുജനങ്ങൾക്കും ആഹാരസാധനങ്ങൾ അനുവദിക്കുന്നതാണ് .

.ആയതിന്റെ നിബന്ധനകൾ നിശ്ചയിക്കുന്നത് ഖണ്ഡിക 10 ൽ സൂചിപ്പിക്കപ്പെട്ടിട്ടുള്ള കമ്മിറ്റിയായിരിക്കും. എന്നാൽ ഖണ്ഡിക 1 ൽ പറഞ്ഞിട്ടുള്ള പ്രകാരം ജീവനക്കാർക്കും അദ്ധ്യാപകർക്കും വിദ്യാർഥികൾക്കും മറ്റും കൃത്യ സമയത്തിന് ആഹാരം കൊടുക്കുവാൻ കോൺട്രാക്ടർ തീർത്തും ബാധ്യസ്ഥനാണ്.

12. കാന്റീൻ കെട്ടിടത്തിന് കേടുപാടുകൾ കൂടാതെ സൂക്ഷിക്കുന്നതോടപ്പം കെട്ടിടവും പരിസരവും ശുചിയായി സൂക്ഷിക്കുവാനും ഹൈജീനിക് കണ്ടിഷനിൽ ആഹാരസാധനങ്ങൾ പാകംചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും കരാറുകാരൻ ബാധ്യസ്ഥനാണ്.

13. കാന്റീനിൽ ഉണ്ടാവുന്നമാലിന്യങ്ങൾ യഥാവിധി സംസ്കരിക്കേണ്ട ഉത്തരവാദിത്തം, കരാറുകാരനിൽ നിക്ഷിപ്തമാണ്.

14. കാന്റീൻ നടത്തിപ്പിന് അത്യാവശ്യമായ പാത്രങ്ങളും മറ്റു അനുസാരികളും സർവകലാശാല നൽകുന്നതാണ്.

15 .തെരഞ്ഞെടുക്കുന്ന ആൾ കാന്റീൻ നടത്തുന്നതിന് മുമ്പ് 50,000/- രൂപ (അൻപതിനായിരം രൂപ) സെക്യൂരിറ്റി ആയി സർവ്വകലാശാല ഫൈനാൻസ് ഓഫീസറുടെ പേരിൽ ഡിമാണ്ട് ഡ്രാഫ്റ്റ് ആയി സമർപ്പിക്കേണ്ടതാണ്. കൂടാതെ സർവകലാശാല നിശ്ചയിക്കുന്ന വ്യവസ്ഥ അടങ്ങിയ ഒരു എഗ്രിമെന്റിൽ ഒപ്പിടേണ്ടതാണ് .

16 . അപേക്ഷകൻ പ്രത്യേകം സീൽ വെച്ച കവറിന്റെ പുറത്തു “മാങ്ങാട്ട്പറമ്പ ക്യാമ്പസിൽ കാന്റീൻ നടത്തുന്നതിനുള്ള അപേക്ഷ” എന്ന് രേഖപ്പെടുതെണ്ടാതാണ് . കൂടാതെ ക്യാമ്പസ് ഡയറക്ടറുടെ പേരിൽ എടുത്ത 1000/- രൂപയുടെ ഡിമാണ്ട് ഡ്രാഫ്റ്റ് സമർപ്പിക്കേണ്ടതാണ്.

17. 30.06.2025ന് വൈകുന്നേരം 3.00 മണി വരെ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. ലഭിക്കുന്ന കൊട്ടേഷനുകൾ അന്നേദിവസം 3.30.മണിക്ക് തുറക്കുന്നതാണ്.

18. അപേക്ഷാഫോമിൽ വിവരിക്കുന്ന (പട്ടികയിൽ ) ആഹാരസാധനങ്ങൾ ഗുണമേന്മയോടുകൂടി വിൽക്കുവാൻ സാധിക്കുന്ന ഏറ്റവും കുറഞ്ഞ വില അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കണം .

19. കാന്റീൻ നടത്തിപ്പിനുള്ള ഏത് അപേക്ഷയും സ്വീകരിക്കുന്നതിനും കാരണം കാണിക്കാതെ നിരസിക്കുന്നതിനുള്ള അവകാശം ക്യാമ്പസ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

20. സർവകലാശാലയിൽ നിലവിലുള്ള മറ്റു ലേല നിബന്ധനകൾ ഈ ലേലത്തിനും ബാധകമാണ് .

21. ആഹാരസാധനങ്ങളുടെ തൂക്കം അപേക്ഷയിൽ നിർബന്ധമായും സൂചിപ്പിക്കണം.

22. ആഹാരസാധനങ്ങൾ ശുദ്ധമായ വെളിച്ചെണ്ണയിൽ പാകം ചെയ്യേണ്ടതാണ്

.23. സർവകലാശാല നിയമങ്ങൾക്കു വിധേയമായി കാന്റീൻ നടത്തികൊള്ളാമെന്ന് അപേക്ഷകന്റെ പ്രതിജ്ഞ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ് .

24. സെമിനാർ കോംപ്ലക്സിൽ നടക്കുന്ന പരിപാടികളിലും ഡിപ്പാർട്ട് മെന്റ് HOD മീറ്റിംഗ് , തുടങ്ങിയ മറ്റു ക്യാമ്പസ് പരിപാടികളിലും യൂണിവേഴ്സിറ്റി നിർദേശിക്കുന്ന സമയങ്ങളിലും ആവശ്യപ്പെട്ട ഫുഡ് /ടീ /സ്നാക്സ് വിതരണം ചെയ്യേണ്ടതാണ് .

25. സർവകലാശാലയുടെ സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് കാന്റീനിൽ തയ്യാറാക്കുന്ന ഭക്ഷണ സാധനങ്ങൾ സർവകലാശാലയ്ക്ക് പുറത്തു വില്പന നടത്തുവാനോ മറ്റെവിടെയെങ്കിലും തയ്യാറാക്കുന്ന ഭക്ഷണ സാധനങ്ങൾ (പായ്ക്കറ്റിൽ ല ഭ്യമാകുന്ന സ്നാക്സ്, സോഫ്റ്റ് ഡ്രിങ്കുകൾ എന്നിവ ഒഴികെ ) സർവകലാശാല ഫുഡ് ഹൗസിൽ വില്പന നടത്തുവാൻ പാടില്ല .

26. സർവകലാശാല കാന്റീനിൽ മറ്റു പൊതു പരിപാടികളോ സല്കാരങ്ങളോ നടത്തുവാൻ പാടില്ല .

27. ഭക്ഷണ പദാർത്ഥങ്ങൾ കൈ കൊണ്ട് ഉപഭോക്താക്കൾക്ക് നൽകുവാൻ പാടുള്ളതല്ല . അതിനു ടോങ്സ് ഉപയോഗിക്കേണ്ടതാണ് .

28. കാന്റീനിൽ വിറക് ഉപയോഗിക്കരുത് .

29. പ്ലാസ്റ്റിക്, പോളിത്തീൻ അടങ്ങിയ വസ്തുക്കൾ കാന്റീനിൽ ഉപയോഗിക്കാൻ പാടുള്ളതല്ല .

30. ഭക്ഷണ പദാർത്ഥങ്ങൾ കഴിവതും ചൂടോടെ വിളമ്പേണ്ടതാണ് .

31. കാന്റീൻ പ്രവൃത്തി സമയം **രാവിലെ 7.30 മുതൽ വൈകുന്നേരം 6.00** മണി വരെയാണ് . ക്യാമ്പസ് ഡയറക്ടറുടെ നിർദേശപ്രകാരം സമയത്തിൽ മാറ്റംവരാവുന്നതാണ്.

K.U. CAMPUS P.O. KANNUR, KERALA PIN: 670567
CAMPUS ADMINISTRATIVE UNIT, MANGATTUPARAMBA * KANNUR UNIVERSITY *

ക്യാമ്പസ് ഡയറക്ടർ
**CAMPUS DIRECTOR**
KANNUR UNIVERSITY
CAMPUS ADMINISTRATIVE UNIT
MANGATTUPARAMBA
KANNUR KERALA - 670567

കണ്ണൂർ സർവകലാശാല മാങ്ങാട്ട്പറമ്പ കാമ്പസ് കാന്റീൻ നടത്തുന്നതിനുള്ള അപേക്ഷ

റഫ നമ്പർ : 18. 06 .2025 ന് നടന്ന കാൻറീൻ ഉപദേശക സമിതി യോഗതീരുമാനം

പേര്:

മേൽവിലാസം:

മൊബൈൽ നമ്പർ:

കാന്റീൻ നടത്തിപ്പിൽ മുൻകാല പരിചയം സംബന്ധിച്ച വിവരങ്ങൾ:

ആഹാരസാധനങ്ങളുടെ പട്ടിക

..............................................................................................................................

| ക്രമ നം, | ആഹാരസാധനങ്ങൾ | അളവ്/തൂക്കം | വില |
|---|---|---|---|
| 1. | ചായ(പഞ്ചസാര,നല്ല തേയില, ശുദ്ധമായ പാൽ ഇവ ചേർത്ത് | 150മില്ലി | |
| 2. | കാപ്പി(നല്ല ഇനം കാപ്പിപ്പൊടി, പഞ്ചസാര ശുദ്ധമായ പാൽ ഇവചേർത്ത് | 150മില്ലി | |
| 3. | കട്ടൻ കാപ്പി/കട്ടൻ ചായ | 150മില്ലി | |
| Breakfast and Curry | | | |
| 4 | ദോശ(2എണ്ണം)+സാംബാർ+ചട്നി | 80 ഗ്രാം | |
| 5 | ഇഡലി(2എണ്ണം)+സാംബാർ+ചട്നി | 80 ഗ്രാം | |
| 6 | പുട്ട്(2പീസ്) | 100ഗ്രാം | |
| 7 | ഉപ്പുമാവ് | 200ഗ്രാം | |
| 8 | പൂരിമസാല(3എണ്ണം) | 50 ഗ്രാം വീതം | |
| 9 | ചപ്പാത്തി | 80 ഗ്രാം | |
| 10 | പൊറോട്ട | 80 ഗ്രാം | |
| 11 | വെള്ളയപ്പം | 80 ഗ്രാം | |
| 12 | ചെറുപയർ | 100ഗ്രാം | |
| 13 | സ്റ്റൂ(വെജിറ്റബിൾ) | 100ഗ്രാം | |
| 14 | മുട്ടക്കറി/മുട്ടറോസ്റ്റ് | 1മുട്ട | |

| | | | |
|---|---|---|---|
| 15 | ബാജിക്കറി | 100ഗ്രാം | |
| 16 | കടല | 100ഗ്രാം | |

## Snacks (For 10 A.M&4P.M)

| ക്രമ നം, | ആഹാരസാധനങ്ങൾ | അളവ്/തൂക്കം | വില |
|---|---|---|---|
| 1. | അരിയുണ്ട | 100ഗ്രാം | |
| 2. | തരിയുണ്ട | 100ഗ്രാം | |
| 3. | ഇലയട | 100ഗ്രാം | |
| 4 | കൊഴുക്കട്ട | 100ഗ്രാം | |
| 5 | അവിൽനനച്ചത് | 100ഗ്രാം | |
| 6 | പരിപ്പുവട | 40ഗ്രാം | |
| 7 | പഴംപൊരി | 40ഗ്രാം | |
| 8 | ഉള്ളിവട | 80 ഗ്രാം | |
| 9 | ഉഴുന്നുവട | 40ഗ്രാം | |
| 10 | ഉണ്ണിയപ്പം | 60 ഗ്രാം | |
| 11 | ഉന്നക്കായ | 80 ഗ്രാം | |
| 12 | ബോണ്ട | 80 ഗ്രാം | |
| 13 | നെയ്യപ്പതിരി | 00ഗ്രാം | |
| 14 | സുഖിയൻ | 60ഗ്രാം | |
| 15 | മുട്ടബജി | 75ഗ്രാം | |
| 16 | ബ്രെഡ്പൊരിചത് | 70ഗ്രാം | |
| 17 | സമോസ(പച്ചക്കറി) | 100ഗ്രാം | |
| 18 | പഫ്സ്(വെജ്),(നോൺവെജ്) | 100ഗ്രാം | |
| 19 | കട്ട്ലറ്റ്(വെജ്),(നോൺവെജ് ) | 100ഗ്രാം | |
| | **LUNCH** | | |
| 1 | ഊണ്-ചോറ് ആവശ്യാനുസരണവും, സാംബാർ പച്ചക്കറി,മത്സ്യക്കറി,അച്ചാർ,,തോരൻ, രസം,മോര്,പച്ചടി/കൂട്ടുകറി ,പപ്പടം,വെള്ളംഎന്നിവവിഭവങ്ങളായിനൽകേണ്ടതാണ്. | | |
| 2 | നെയ്ച്ചോർ | 1Plate with | |

| | | | |
|---|---|---|---|
| | | salad,pickle,pappad | |
| 3 | ബിരിയാണി(ചിക്കൻ)ഫുൾ(2പീസ്) | 1Plate with salad,pickle,pappad | |
| 4 | ബിരിയാണി(ചിക്കൻ) ഹാഫ്(1പീസ്) | 1Plate with salad,pickle,pappad | |
| | **CURRY** | | |
| 1 | ചിക്കൻ കറി | 1\4ഭാഗം | |
| 2 | ഫിഷ്കറി | 100ഗ്രാം (with one piece) | |
| 3 | തൈര് | 70 മില്ലീ | |
| 4 | ബീഫ്ഫ്രൈ | 150 ഗ്രാം | |
| 5 | ബീഫ്കറി | 150 ഗ്രാം | |

1.മറ്റിനങ്ങൾ പേരും,അളവ്/തൂക്കം വിലഎന്നിവ കോൺട്രാക്ടർസൂചിപ്പിക്കണം

2.നിബന്ധനയിൽകാണിച്ചഅളവ്പ്രകാരമുള്ള ഭക്ഷണ പദാർത്ഥങ്ങൾമുകളിൽകാണിച്ചവിലനിലവാരത്തിൽ ശുദ്ധമായ വെളിച്ചെണ്ണയിൽ പാകംചെയ്ത് കൊടുക്കുവാൻഞാൻ സന്നദ്ധനാണ്.

3.കാന്റീൻപ്രവർത്തനസമയംരാവിലെ7.30മുതൽ വൈകുന്നേരം6മണിവരെയാണ്.രജിസ്ട്രാറുടെനിർദേശപ്രകാരംഈസമയക്രമത്തിൽമാറ്റംഉണ്ടായിരിക്കുന്നതാണ്.

പ്രതിജ്ഞ: സർവ്വകലാശാല നിയമങ്ങൾക്ക് വിധേയമായികാന്റീൻനടത്തുവാൻഎനിക്ക്പൂർണ സമ്മതമാണെന്ന് ഞാൻ ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

അപേക്ഷകന്റെ ഒപ്പ്